പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2425 — 13.02.2013-ൽ മറുപടിയ്ക്ക്

## നികുതി ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ..ആർ.രാജേഷ്<br>ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യനികുതി അടയ്ക്കാതെ ട്രെയിനുകളിലും വാഹനങ്ങളിലും വൻതോതിൽ ചരക്കുകൾ കൊണ്ടുവരുന്നതുമൂലം സർക്കാരിന് വൻ നികുതിച്ചോർച്ച വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിനായി വാണിജ്യ നികുതിവകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | സ്വീകരിക്കും |
| (സി) | ഇത്തരത്തിൽ ട്രെയിനിലും വാഹനങ്ങളിലും കൊണ്ടുവരുന്ന സാധനങ്ങൾ പിടിച്ചെടുത്താൽ അത് വിട്ടുകൊടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ് ; | (സി) | അപ്രകാരം പിടിച്ചെടുത്ത സാധനങ്ങളുടെ വിലയുടെ അടിസ്ഥാനത്തിൽ അതിന്മേലുള്ള നികുതി നിർണ്ണയിച്ച് പിഴ ഈടാക്കി സാധനങ്ങൾ വിട്ടുകൊടുക്കും. കേസ് കൂടുതൽ പരിശോധനയ്ക്കായി മുകളിലുള്ള ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യും. |
| (ഡി) | റെയിൽവേ പാഴ്സൽ ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് വാണിജ്യനികുതി വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകുമോ ; | (ഡി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് കോഴിയുടെ പ്രവേശന നികുതിയിനത്തിൽ പിഴ ഈടാക്കാൻ നോട്ടീസ് നൽകിയ എത്ര കേസുകളിൽ പിന്നീട് അത് വേണ്ടെന്നുവെയ്ക്കുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | സംസ്ഥാനത്ത് കോഴിയുടെ പ്രവേശന നികുതിയോ, പിഴയോ ഇനത്തിൽ അടച്ച തുക പിന്നീട് തിരിച്ച് നൽകേണ്ടിവന്നിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കേസുകളിൽ എത്ര തുക എന്ന കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ? | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ